**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 301 | 07.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സംസ്ഥാന വനിതാ കമ്മീഷൻ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**,, കെ. ആൻസലൻ**<br>**,, കെ.കുഞ്ഞിരാമൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ)കേരള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ കമ്മീഷൻ മീറ്റിംഗുകളിൽ അവലോകനം ചെയ്യാറുണ്ട്. |
| (ബി) വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസുകൾ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ ജില്ലയിലെയും പരാതികൾ അതാത് ജില്ലകളിൽ അദാലത്തുകൾ നടത്തി പരിഹരിക്കുന്നു. പരാതികൾ കമ്മീഷൻ സ്വീകരിക്കുന്ന മുറയ്ക്കാണ് അദാലത്തിൽ കേസുകൾ പരിഗണിക്കുന്നത്. കമ്മീഷന്റെ നേരിട്ടുള്ള അന്വേഷണം മുഖേനയും പോലീസിന്റെയും മറ്റ് വകുപ്പുകളുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാതികൾക്ക് പരിഹാരം കാണുന്നുണ്ട്. വളരെ അടിയന്തിര സ്വഭാവമുള്ള പരാതികൾക്ക് ടെലിഫോൺ മുഖാന്തിരം നേരിട്ടും യഥാസമയം പരിഹാരം കാണുന്നുണ്ട് |
| (സി) ഇതിനായി ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി)ജാഗ്രത സമിതികൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജാഗ്രതാസമിതി അംഗങ്ങൾക്ക്, നിലവിലുള്ള സ്ത്രീ സംരക്ഷണ നിയമങ്ങളെ കുറിച്ച് പൊതുവായ അറിവ് നൽകണമെന്ന ഉദ്ദേശത്തോടെ വിവിധ ജില്ലകളിലായി കമ്മീഷൻ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ ജാഗ്രതാ സമിതി മുമ്പാകെ വരുന്ന കേസുകൾ തീർപ്പാക്കൽ സംബന്ധിച്ചും സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ